(സി) എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അദ്ദേഹവുമായി ചരിത്രപരമായി ബന്ധമുള്ള പ്രദേശങ്ങളിൽ ഇത്തരം പരിപാടികൾ പരമാവധി സംഘടിപ്പിക്കണമെന്ന കാര്യം പരിഗണനയിൽ ഉണ്ട്.

(ഡി) സെക്രട്ടേറിയറ്റിലെ നിയമവകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കാണ് ഈ പരിശീലന പരിപാടി ഉദ്ദേശിക്കുന്നത്. നാല് മാസം ദൈർഘ്യമുള്ള കോഴ്സിൽ 5 മുതൽ 10 വരെ ഉദ്യോഗസ്ഥർക്ക് (ലീഗൽ അസിസ്റ്റന്റ് മുതൽ ജോയിന്റ് സെക്രട്ടറി വരെയുള്ളവർ) അവരുടെ പതിവ് കൃത്യനിർവ്വഹണത്തെ ബാധിക്കാത്തവിധം സൗകര്യപ്രദമായ സമയത്ത് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഓരോ വർഷവും ഈ വിധമുള്ള മൂന്ന് കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നു. നിയമങ്ങൾ വിവർത്തനം ചെയ്യുന്നതിനുള്ള പരിശീലനവും ഇതിന്റെ ഭാഗമായി കൊടുക്കുന്നതാണ്.

## പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്

254 [2430] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കേന്ദ്രമാക്കി പാർലമെന്ററി അഫയേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും ഉദ്ദേശലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനത്തിനുകീഴിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. ഭരണപരവും ജനാധിപത്യപരവുമായി പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനം, ഗവേഷണം എന്നിവ പരിപോഷിപ്പിക്കുക, പാർലമെന്ററി കാര്യപ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക, കൂടാതെ പുസ്തക പ്രസിദ്ധീകരണം, ചർച്ചകളും സെമിനാറുകളും ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലന ക്ലാസ്സുകൾ, യുവജനങ്ങൾക്കായി മോഡൽ പാർലമെന്റ്, മൺമറഞ്ഞ ജനപ്രതിനിധികളുടെ പേരിൽ സ്മാരക പ്രഭാഷണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക. ആധുനിക രീതിയിലുള്ള ഒരു റഫറൻസ് ലൈബ്രറി സജ്ജമാക്കുക എന്നിവയും ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു.

(ബി) വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മോഡൽ പാർലമെന്റ്, സമകാലീന സംഭവങ്ങൾ സംബന്ധിച്ച പ്രഭാഷണങ്ങൾ, മൺമറഞ്ഞ മഹാന്മാരെ കുറിച്ചുള്ള അനുസ്മരണ പ്രഭാഷണങ്ങൾ, ദേശീയ സെമിനാറുകൾ എന്നീ പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. അതിന്റെ ഭാഗമായി 2008-09 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ്. ജന്മശതാബ്ദി ആഘോഷങ്ങൾ, അനുസ്മരണ പ്രഭാഷണങ്ങൾ, മോഡൽ പാർലമെന്റുകൾ, ലീഗൽ ഡ്രാഫ്റ്റിംഗിൽ പരിശീലനം, പുസ്തകങ്ങളുടെ പ്രസിദ്ധീകരണം എന്നീ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## വാർഡുതല കളിസ്ഥലം വികസനം

255 [2431] ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വാർഡിലും ഓരോ കളിസ്ഥലം എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എത്ര തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ പുതുതായി കളിസ്ഥലം നിർമ്മിച്ചിട്ടുണ്ട്;

(ബി) കളിസ്ഥലം രൂപപ്പെടുത്തുന്നതിന് സ്ഥലസൗകര്യത്തിന്റെ അപര്യാപ്തത ഒട്ടേറെ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;

(സി) മറ്റുവകുപ്പുകളിൽ തരിശായും കൃഷിയോഗ്യമല്ലാതെയും കിടക്കുന്ന സ്ഥലങ്ങൾ വാർഡുതല കളിസ്ഥലങ്ങൾക്കായി ലഭ്യമാക്കുന്നതിന് തയ്യാറാവുമോ;

(ഡി) ഇതിലേക്കായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി കായികവകുപ്പ് പദ്ധതി തയ്യാറാക്കുമോ?

### ഉത്തരം

(എ) 2007-08 സാമ്പത്തിക വർഷം 3 കോടി രൂപ 43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി കളിസ്ഥലം നിർമ്മാണം/പുനരുദ്ധാരണത്തിനായി കായിക യുവജന കാര്യാലയം മുഖേന അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി, ഡി) പരിശോധിക്കുന്നതാണ്.

## എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം പദ്ധതി

256 [2432] ശ്രീ. എം. ചന്ദ്രൻ :
„ സി. കെ. സദാശിവൻ :
ശ്രീമതി കെ. എസ്. സലീഖ :
„ എ. എം. യൂസഫ് :
„ സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly